*നം.സി5/69121/15/ഡി.പി.ഐ*

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, 12/03/2016

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - സീനിയർ ക്ലാർക്ക് - സ്ഥാനക്കയറ്റം - സംബന്ധിച്ച സ്പഷ്ടീകരണം.

പരാമർശം:- വിവിധ ഓഫീസുകളിൽ നിന്നും, ക്ലാർക്കുമാരിൽ നിന്നും ലഭിച്ച കത്തുകൾ

***

പൊതുവിദ്യാഭ്യാസ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ക്ലാർക്കുമാരുടെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട സ്ഥാനക്കയറ്റ തീയതി, ശമ്പളവർദ്ധനവ്, ഇൻക്രിമെന്റ് എന്നീ കാര്യങ്ങൾ സംബന്ധിച്ച സംശയങ്ങളും സ്പഷ്ടീകരണവും ആവശ്യപ്പെട്ടുകൊണ്ട് നിരവധി കത്തുകൾ ഈ ഓഫീസിൽ ലഭിക്കാനിടയായിട്ടുണ്ട്.

ഇപ്പോഴത്തെ സാഹചര്യത്തിൽ, ഈ വകുപ്പിലെ ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 5/6 വർഷത്തിനുള്ളിൽ ലഭിച്ചു വരുന്നു. ചില സന്ദർഭങ്ങളിൽ നിലവിലുള്ള സീനിയർ ക്ലാർക്ക് ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന് പൂർണ യോഗ്യതകളുള്ള സീനിയറായ ക്ലാർക്കുമാരുടെ അപേക്ഷകൾ ലഭിക്കാതെ വരികയും, അതേസമയം പൂർണ യോഗ്യതകൾ കൈവരിച്ചിട്ടുള്ളവരും, സർവ്വീസിൽ ജൂനിയറുമായ ക്ലാർക്കുമാരുടെ അപേക്ഷകൾ ലഭിക്കുകയും ചെയ്യുമ്പോൾ, ലഭ്യമായ ഒഴിവുകളിൽ ജൂനിയറായ ക്ലാർക്കിന് സ്ഥാനക്കയറ്റം നൽകാറുണ്ട്. അപ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരന് സ്ഥാനക്കയറ്റ തീയതി മുതൽ എല്ലാ വിധ സാമ്പത്തിക ആനുകൂല്യങ്ങളും ലഭിക്കാൻ അർഹതയുണ്ട്.

പ്രസ്തുത സ്ഥാനക്കയറ്റം പിന്നീട് പുനഃക്രമീകരിക്കുമ്പോൾ സ്ഥാനക്കയറ്റ തീയതി സ്വാഭാവികമായി മാറുന്ന സാഹചര്യം ഉണ്ടായാൽ അതനുസരിച്ച് ശമ്പളം

പുനർനിർണ്ണയിക്കേണ്ടതും, എന്നാൽ സ്ഥാനക്കയറ്റം പുനഃക്രമീകരിച്ചതിന്റെ ഫലമായി സീനിയർ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ കൈപ്പറ്റിയ ഉയർന്ന ശമ്പളവും ആനുകൂല്യങ്ങളും (തരംതാഴ്ത്തൽ ഉണ്ടാകാത്തതിനാൽ) തിരികെ (റീഫണ്ട്) അടയ്ക്കേണ്ടതില്ല എന്ന് സ്പഷ്ടീകരണം നൽകുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
*സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ*

*//അംഗീകാരത്തോടെ//*

*സൂപ്രണ്ട്*

*പകർപ്പ് :-*

1) ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ
2) പാഠപുസ്തക ഓഫീസർ, തിരുവനന്തപുരം
3) എല്ലാ ഡയറ്റ് / ടിടിഐ പ്രിൻസിപ്പാൾമാർക്കും
4) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6) എല്ലാ പ്രഥമാദ്ധ്യാപകർക്കും
7) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം.